# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ * 525 — 19/05/2017-ൽ മറുപടിയ്ക്ക്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ക്ഷീരവികസന വകുപ്പിന്റെ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. വി.ആർ.സുനിൽ കുമാർ<br>ശ്രീ.മുഹമ്മദ് മുഹസിൻ.പി | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ക്ഷീരവികസന വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കാമോ; | (എ) തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുമായി ചേർന്ന് ക്ഷീരവികസന വകുപ്പ് പ്രധാനമായും നടപ്പിലാക്കുന്നത് താഴെപറയുന്ന പദ്ധതികളാണ് .<br>* പാലിന് സബ്സിഡി/കാലിത്തീറ്റ സബ്സിഡി<br>* കറവപശു വളർത്തൽ<br>* കിടാരി വളർത്തൽ<br>* കാലിത്തൊഴുത്ത് നിർമ്മാണം<br>* തീറ്റപ്പുൽകൃഷി<br>* ക്ഷീരസഹകരണ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്<br>* പട്ടികജാതി ഗ്രൂപ്പുകൾക്ക് കാളക്കുട്ടി-പോത്തുക്കുട്ടി പരിപാലനം.<br>* ചാണകനിർജ്ജലീകരണ യൂണിറ്റ്<br>* കറവയന്ത്രം വാങ്ങുന്നതിനുള്ള പദ്ധതി<br>* മൊബൈൽ ഗുണനിയന്ത്രണ പദ്ധതി |

| | | | |
|---|---|---|---|
| (ബി) | കർഷകർക്ക് കാലിത്തീറ്റ/മിൽക്ക് ഇൻസെന്റീവ് നൽകുന്നതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്തെങ്കിലും ബുദ്ധിമുട്ടുകൾ നേരിടുന്നതായി അറിവുണ്ടോ; | (ബി) | കർഷകർക്ക് കാലിത്തീറ്റ/മിൽക്ക് ഇൻസെന്റീവ് നൽകുന്നതുമായി ബന്ധപ്പെട്ട പദ്ധതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും ക്ഷീരവികസന വകുപ്പ് മുഖേനയും ഒരേ പദ്ധതികൾ നടപ്പിലാക്കുന്നുവെന്ന കാരണത്താൽ നടപ്പിലാക്കാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായിരുന്നു. |
| (സി) | ആയത് പരിഹരിക്കുന്നതിനായി എന്തെല്ലാം ഇടപെടലുകളാണ് നടത്തിയതെന്ന് വ്യക്തമാക്കുമോ; | (സി) | കാലിത്തീറ്റ സബ്സിഡി/മിൽക്ക് ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച തടസ്സം നീക്കം ചെയ്യുന്നതിന് ക്ഷീരവികസന വകുപ്പ് തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെടുകയും വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന കോർഡിനേഷൻ കമ്മിറ്റിയിൽ ഇത് അവതരിപ്പിച്ച് തടസ്സം നീക്കം ചെയ്യുകയുമുണ്ടായി. |
| (ഡി) | അഞ്ചിൽ കൂടുതൽ പശുക്കളെ വളർത്തുന്നതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളിൽ നിന്നും ആവശ്യമായ അനുമതി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നത് എളുപ്പമാക്കുന്നതി നായി ക്ഷീരവികസന വകുപ്പ് ക്രിയാത്മകമായി ഇടപെടുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | അഞ്ചോ അതിൽ കൂടുതലോ കറവപശുക്കൾ വളർത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ആവശ്യമായ അനുമതി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നത് എളുപ്പമാക്കുന്നതിന്, വിഷയം തദ്ദേശസ്വയംഭരണ വകുപ്പിന്റെ ശ്രദ്ധയിൽകൊണ്ടുവന്ന് നടപടികൾ സ്വീകരിച്ചുവരുന്നു. ക്ഷീരവികസന വകുപ്പിലെ ബ്ലോക്കുതല ഉദ്യോഗസ്ഥർ ക്ഷീരകർഷകർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭിക്കേണ്ട ലൈസൻസുകൾ ലഭ്യമാക്കുന്നതിനുവേണ്ട സാങ്കേതിക–നിയമപരമായ സഹായങ്ങൾ ചെയ്തുകൊടുക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.